(ii) ഹൂദ്നബി

നൂഹ്ജനതയുടെ സന്താനപരമ്പരയിൽ പെട്ട ആദ് സമുദായത്തിലേക്ക് ഇസ്‌ലാമിക പ്രബോധനാർഥം നിയോഗിക്കപ്പെട്ട ദൈവദൂതനാണ് ഹൂദ്നബി. ഹിജാസിന്റെയും യമന്റെയും യമാമഃയുടെയും മധ്യേ റുബ്ഉൽ ഖാലിക്ക് തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അഹ്ഖാഫ് പ്രദേശമായിരുന്നു ആദ് സമുദായത്തിന്റെ ആസ്ഥാനം. ഉന്നതമായൊരു ഭൗതിക സംസ്കാരത്തിന്റെ ഉടമകളായിരുന്നു അവർ. ആദ് സമുദായം തങ്ങൾക്ക് ലഭിച്ച ഭൗതികാനുഗ്രഹങ്ങളിൽ മതിമറന്നുകൊണ്ട് ദൈവധിക്കാരികളായി മാറിയപ്പോഴാണ് അവരിലേക്ക് ഹൂദ്നബി ദൈവദൂതുമായി വരുന്നത്. അദ്ദേഹത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച ആദ് സമുദായത്തിന്റെ മുഖ്യ തിന്മകൾ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അവയിങ്ങനെ വായിക്കാം:

1. അല്ലാഹുവിനെ ആരാധിക്കുന്നതിന് പകരം അവനിൽ പങ്ചേർക്കുകയും വിഗ്രഹാരാധനയിൽ വ്യാപൃതരാവുകയും ചെയ്തു. പല പേരുകളിലുമുള്ള പ്രതിഷ്ഠകളെയാണവർ പൂജിച്ചിരുന്നത്. അതിനാൽ ഹൂദ് അവരോട് പറഞ്ഞു. ''എന്റെ സമുദായമേ, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. നിങ്ങൾ പൂജിക്കുന്ന വിഗ്രഹങ്ങളെല്ലാം നിങ്ങളുടെ വ്യാജനിർമിതിയത്രെ.''(ഹൂദ് 50)

ഹൂദ്നബിയുടെ ഈ പ്രബോധനത്തോട് നിഷേധാത്മകമായാണ് ജനത പ്രതികരിച്ചത്. ധിക്കാരപൂർവം അവർ ചോദിച്ചു: ''ഞങ്ങളുടെ ദൈവങ്ങളിൽനിന്ന് ഞങ്ങളെ വ്യതിചലിപ്പിക്കാനാണോ നീ വന്നത്. ശരി, നീ സത്യവാദിയാണെങ്കിൽ നീ ഞങ്ങളെ താക്കീത് ചെയ്യുന്ന ശിക്ഷയിങ്ങ് കൊണ്ടുവരിക.''(അഹ്ഖാഫ് 22).

2. ഭൗതിക പ്രമത്തതയായിരുന്നു ആദ് സമൂഹത്തിന്റെ രണ്ടാമത്തെ തിന്മ. സുഖാഡംബരങ്ങളിൽ ആമഗ്നരായിത്തീർന്ന അവർ പുനരുത്ഥാനത്തെയും പരലോകത്തെയും നിഷേധിച്ചു തനി ഭൗതികന്മാരായിത്തീർന്നു. പ്രത്യേകിച്ചും അവരിലെ നേതാക്കളും പ്രമാണികളും. ജനങ്ങളുടെ മേൽ പരമാധികാരം വാണിരുന്ന പ്രമാണിമാരും സുഖലോലുപരുമായ ഈ പ്രധാനികൾക്ക് തങ്ങളുടെ നില ഭദ്രമാക്കാൻ പ്രവാചകനെയും പരലോകത്തെയും നിഷേധിക്കേണ്ടത് അനിവാര്യമായിരുന്നു. അവരാകട്ടെ ഹൂദ് നബിയുടെ പ്രബോധനത്തെ കടുത്ത ഭാഷയിൽ ആക്ഷേപിക്കുകയും ചെയ്തു. ''അദ്ദേഹത്തിന്റെ സമുദായത്തിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: നിശ്ചയം, നീ വിഡ്ഢിത്തത്തിൽ പെട്ടതായാണ് ഞങ്ങൾ കാണുന്നത്. നീ വ്യാജവാദിയാണെന്ന് ഞങ്ങൾ വിചാരിക്കുന്നു.''(അൽഅഅ്റാഫ് 66)

ജനങ്ങളുടെ മേൽ പരമാധികാരികളായി വാഴുന്ന പ്രമാണിമാരുടെ പിടിത്തത്തിൽനിന്ന് അവരെ മോചിപ്പിച്ച് അല്ലാഹുവിന്റെ പരമാധികാരത്തിൻ കീഴിൽ കൊണ്ടുവരികയായിരുന്നു ഹൂദ്നബിയുടെ പ്രബോധനത്തിന്റെ ഒരു ലക്ഷ്യം. എന്നാൽ എക്കാലത്തെയും സാധാരണ മനുഷ്യരെപ്പോലെ ആദ് സമുദായവും തങ്ങളുടെ മേൽ അതിക്രമം അഴിച്ചുവിടുന്ന അധികാരികളെ പിന്തുണക്കുകയാണുണ്ടായത്. ''അവരത്രെ ആദ് സമുദായം. അവർ തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തം നിഷേധിച്ചു. അവർ ദൂതന്മാരുടെ കല്പനകൾ ലംഘിച്ചു. ധിക്കാരികളും സ്വേഛാധിപതികളുമായ നേതാക്കൻമാരുടെ കല്പനകൾ പിന്തുടരുകയും ചെയ്തു.''(ഹൂദ് 59)

ആദ് സമൂഹത്തിലെ പ്രമാണികൾ സുഖലോലുപരായി കഴിയാനും പൊങ്ങച്ച പ്രകടനത്തിനുമായി പർവതങ്ങളിൽ പടുകൂറ്റൻ കൊട്ടാരങ്ങൾ കെട്ടിയുണ്ടാക്കുന്നവരായിരുന്നു. ഭൗതിക സംസ്കാരത്തിന്റെ അടയാളങ്ങളായ ഈ ആഡംബര ഭ്രമം അവസാനിപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് ഹൂദ് അവരോട് പറഞ്ഞു: ''ഉയർന്ന സ്ഥലങ്ങളിലെല്ലാം നിങ്ങൾ വൃഥാ സ്മാരക സൗധങ്ങൾ കെട്ടിപ്പൊക്കുകയാണോ? നിങ്ങൾ നിത്യത വരിക്കാമെന്ന ഭാവേന ഗംഭീരമായ കൊട്ടാരങ്ങൾ നിർമിക്കുകയുമാണോ?'' (അശ്ശുഅറാഅ് 128-129).

ആദ് സമുദായത്തിൽ നിലനിന്നിരുന്ന ഗുരുതരമായ എല്ലാ തിന്മകളെയും എതിർത്തും ജീവിതത്തിലുടനീളം അല്ലാഹുവെ സൂക്ഷിക്കാനാവശ്യപ്പെട്ടും ഹൂദ് തന്റെ പ്രബോധന പ്രവർത്തനങ്ങൾ തുടർന്നു. വ്യാജവാദിയെന്നും വിഡ്ഢിയെന്നും ഒക്കെ ഭർത്സിക്കപ്പെട്ടപ്പോഴും അദ്ദേഹം ശാന്തസ്വരത്തിലും ഗുണകാംക്ഷയോടുകൂടിയും പ്രബോധന പ്രവർത്തനങ്ങൾ സജീവമാക്കി. ഹൂദ്നബിയും ഇതര പ്രവാചകന്മാരെപ്പോലെ തന്റെ പ്രബോധന പ്രവർത്തനങ്ങളുടെ പേരിൽ ഭൗതിക നേട്ടം പ്രതീക്ഷിക്കുകയുണ്ടായില്ല. അക്കാര്യം പ്രബോധിതരോട് തുറന്നു പറയുകയും ചെയ്തു.

ഇവ്വിധം നിസ്വാർഥമായി നിരന്തരം ശ്രമിച്ചിട്ടും ആദ് സമുദായം അദ്ദേഹത്തെ അംഗീകരിക്കുകയോ സത്യപ്രബോധനം സ്വീകരിക്കുകയോ ചെയ്തില്ല. അതോടെ ആ ജനത ഒരിക്കലും നന്നാവുകയില്ലെന്ന് ഹൂദ് നബിക്കും ബോധ്യമായി. തങ്ങളൊരിക്കലും നന്നാവുകയില്ലെന്ന് അവർ സ്വയംതന്നെ തുറന്നുപറയുകയും ചെയ്തു. ''നീ സദുപദേശം നല്കുന്നതും നല്കാതിരിക്കുന്നതും ഞങ്ങളെ സംബന്ധിച്ചിടത്തോളം സമമാണ്. ഇതൊക്കെ മുമ്പുള്ളവരുടെ സമ്പ്രദായമല്ലാതെ മറ്റൊന്നുമല്ല. എന്തായാലും ഞങ്ങൾ ശിക്ഷിക്കപ്പെടുകയില്ല. അങ്ങനെ അവരദ്ദേഹത്തെ കളവാക്കി.''(അശ്ശുഅറാഅ് 136-139).

അവസാനം ആദ് സമുദായത്തെ അല്ലാഹു ഒന്നടങ്കം നശിപ്പിക്കുകയും ഹൂദിനെയും അനുയായികളെയും ഈ സമൂല നാശത്തിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.